# മാതൃകാ പ്രബോധകൻ

**അബ്ദുറസാക് സ്വലാഹി**

## ادع إلى سبيل ربك بالْحكْمة والْموعظة الْحسنة....

*"യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക."*(ഖുർആൻ 16:125)

അല്ലാഹുവിന്റെ മതമായ ഇസ്ലാമിലേക്ക് മനുഷ്യരെ ക്ഷണിക്കുക എന്നത് മഹത്തായ ഒരു പുണ്യകർമ്മമാണ്. വഴികേടിൽ നിന്ന് സൻമാർഗ്ഗത്തിലേക്ക് നയിക്കുവാൻ വേണ്ടി അല്ലാഹു നിയോഗിച്ച പ്രവാചകനന്മാരുടെ മാർഗ്ഗമാണ് ആ പ്രബോധകൻമാർ പിന്തുടരുന്നത്. അതിലൂടെ ശാശ്വതമായ മരണാനന്തര സ്വർഗ്ഗീയ ജീവിതത്തിലേക്കാണ് മനുഷ്യരെ അവർ നയിക്കുന്നത്. തന്റെ സഹ ജീവികളോടുള്ള ഗുണകാംഷയാണ് അതിന് അവർക്ക് പ്രേരകം. അതിലൂടെ അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലവും പ്രബോധകന് ലഭിക്കുന്നു. ഈ ദൗത്യം നിർവ്വഹിക്കുന്നവനേക്കാൾ ഉത്തമമായ വാക്ക് പറഞ്ഞവൻ മറ്റാരുമില്ലന്നാണ് ഖുർആൻ സൂറത്ത് ഫുസ്സിലത്തിലെ 33 ാം വചനം സൂചിപ്പിക്കുന്നത്.

## ومن أحسن قولًا ممن دعا إلى الله وعملَ صالحا وقالَ إنني من الْمسلم

*"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?"* (ഖുർആൻ 41:33)

ഒരാളുടെ പ്രബോധനം ഫലപ്രദമായിരിക്കണമെങ്കിൽ അയാളിൽ ധാരാളം ഉൽകൃഷ്ടമായ സ്വഭാവ മൂല്യങ്ങളും, ഗുണങ്ങളും ഉണ്ടായിരിക്കേണ്ടതുണ്ട്.

**അനുകരണീയമായ വ്യക്തിത്വ മാതൃക**

താൻ പറയുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രവർത്തിച്ച് മാതൃക കാണിക്കുന്നവനായിരിക്കണം പ്രബോധകൻ. മുകളിൽ സൂചിപ്പിച്ച വചനത്തിൽ ഇപ്രകാരം കാണാം. (അവൻ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ) അഥവാ ജനങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അത് തന്റെ ജീവിതത്തിൽ ഉണ്ടായിരിക്കണം. വാക്കുകളും പ്രവർത്തിയും പരസ്പര വിരുദ്ധമാകാൻ പാടില്ല. അങ്ങനെ ചെയ്യുന്നവർക്ക് കഠിനമായ ശിക്ഷയുണ്ടെന്ന് ഖുർആൻ മുന്നറിയിപ്പു നൽകുന്നുണ്ട് .

**ആത്മാർത്ഥതയും സഹനവും**

## والْعصر، إن الْإنسانَ لَفي خسرٍ، إلا الذين آمنوا وعملُوا الصالحات وتواصوا بِالْحق وتواصوا بِالصبرِ

*“കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.”* (ഖുർആൻ 103:1 -3)

പ്രബോധകൻ ഒരർത്ഥത്തിൽ അടർകളത്തിലെ ഒരു പോരാളിയെ പോലെയാണ്. പ്രസ്തുത രംഗത്ത് ധാരാളം എതിർപ്പുകൾ അദ്ദേഹത്തിന് ഉണ്ടായേക്കാം. ആ സന്ദർഭങ്ങളിൽ സഹനത്തോടുകൂടി അവയെ അഭിമുഖികരിക്കാൻ അയാൾക്ക് സാധിക്കണം. ഇതെല്ലാം അല്ലാഹുവിന്റെ മാർഗത്തിലാണെന്നു മനസ്സിലാക്കി ക്ഷമിക്കണം. കാരണം അയാൾ തന്റെ വ്യക്തിതാൽപര്യത്തെയല്ല മറിച്ച് ദൈവീക പ്രീതിയാണ് ആഗ്രഹിക്കുന്നത്. മുകളിൽ പരാമർശിച്ച അതേ വചനത്തിൽ ഈ കാര്യം അല്ലാഹു നമ്മെ ഉണർത്തുന്നുണ്ട്. ഏറ്റവും നല്ല രൂപത്തിൽ എതിർപ്പുകളെ പ്രതിരോധിക്കാൻ പ്രബോധകന് സാധിക്കണം.

**പ്രത്യുപകാരം ആഗ്രഹിക്കാതിരിക്കുക**

ഖുർആൻ പരാമർശിക്കുന്ന പ്രവാചകന്മാർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറയാറുണ്ടായിരുന്നു.

أُولَـٰئِكَ الَّذِينَ هَدَى اللَّهُ فَبِهُدَاهُمُ اقْتَدِهْ قُل لَّا أَسْأَلُكُمْ عَلَيْهِ أَجْرًا إِنْ هُوَ إِلَّا ذِكْرَىٰ لِلْعَالَمِ

*“(നബിയേ,) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല.”* (ഖുർആൻ 6:90)

സൂറത്ത് യാസീനിൽ ഇപ്രകാരം കാണാം:

اتَّبِعُوا مَن لَّا يَسْأَلُكُمْ أَجْرًا وَهُم مُّهْتَدُونَ

*“നിങ്ങളോട് പ്രതിഫലം ചോദിക്കാതിരിക്കുകയും സൻമാർഗത്തിൽ നില കൊള്ളുകയും ചെയ്യുന്നവരെ നിങ്ങൾ പിൻപറ്റുക.”* (ഖുർആൻ 36:21)

താൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന പ്രബോധനത്തിന്റെ പേരിൽ ജനങ്ങളുടെ പ്രശംസയോ മറ്റു നേട്ടങ്ങളോ തനിക്ക് ഉണ്ടാവണമെന്ന് ആഗ്രഹിക്കുവാനോ പാടില്ല എന്ന് മേൽ വചനങ്ങൾ വ്യക്തമാക്കുന്നു.

**അറിവുണ്ടായിരിക്കുക**

قُلْ هَـٰذِهِ سَبِيلِي أَدْعُو إِلَى اللَّهِ عَلَىٰ بَصِيرَةٍ أَنَا وَمَنِ اتَّبَعَنِي.....

*“(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും.”* (ഖുർആൻ 12:108)

ഒരു പ്രബോധകൻ താൻ ക്ഷണിച്ചുകൊണ്ടിരിക്കുന്ന ആദർശത്തെ കുറിച്ച് ശരിയായി പഠിച്ചിരിക്കണം. പ്രബോധിതരെ കുറിച്ചും അവരിലുള്ള വഴികേടിനെ കുറിച്ചും ശരിയായ ധാരണ അയാൾക്ക് ഉണ്ടായിരിക്കണം. ഒരു രോഗിയുടെ രോഗം എന്താണെന്ന് അപഗ്രഥിച്ച് അതിന് അനുസരിച്ച് മരുന്ന് നിർദ്ദേശിക്കുന്ന പ്രഗൽഭനായ ഒരു ഡോക്ടറെ പോലെയാണ് യാതാർത്ഥത്തിൽ പ്രബോധകൻ. രോഗിയുടെ പ്രതികരണം നോക്കിയല്ല,

മറിച്ച് രോഗത്തിന്റെ കാഠിന്യമനുസരിച്ച് തീവ്രമായ പരിചരണം നൽകുക എന്നതാണ് അദ്ദേഹത്തിന്റെ കർത്തവ്യം.

**പ്രവാചക മാതൃക അനുസരിച്ചായിരിക്കുക**

*'ഇതാണ് എന്റെ മാർഗം'* എന്ന് സൂറത്ത് യൂസഫിലെ മേൽ വചനം സൂചിപ്പിക്കുന്നത് പോലെ തന്നെ പ്രബോധന മാർഗ്ഗം പ്രവാചകന് അല്ലാഹു പഠിപ്പിച്ച ആ മാർഗ്ഗം പിൻപറ്റി അല്ലാഹു നിയമമാക്കിയതനുസരിച്ചായിരിക്കണം. ഒരോരുത്തരും തങ്ങളുടെ സ്വന്തം താൽപര്യമനുസരിച്ച് പ്രബോധന സരണി ഉണ്ടാക്കാൻ പാടില്ല. അതിനാൽ തന്നെ പ്രബോധനത്തിന്റെ മാതൃക വിശുദ്ധ ഖുർആനിന്റേയും സുന്നത്തിന്റേയും താൽപര്യത്തിന് അനുസൃതമായിരിക്കണം.

**ലളിതമായ ശൈലിയും, വശ്യമായ സ്വഭാവവും**

പ്രബോധകർക്ക് അരോചകമായ ശൈലിയും സ്വഭാവവും ശരിയല്ല. പ്രവാചകൻ(ﷺ)യുടെ മഹത് സ്വഭാവമായിരുന്നു ജനങ്ങളെ അദ്ദേഹത്തിലേക്ക് ആഘർഷിപ്പിച്ചിരുന്നത്.

ولَو كُنت فَظا غَليظَ الْقَلْبِ لاَنفَضواْ من حولك فَاعف عنهم واستغفر لَهم وشاوِرهم في الأَمرِ فَإِذَا عزمت فَتوكلْ علَى اللّه إِن اللّه يحب الْمتوكل

*"നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പു കൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്."* (ഖുർആൻ 3:159)

ക്രൂരനനായ ഫറോവയോട് പോലും മൃദുലമായി സംസാരിക്കാൻ മൂസാ(عليه السلام)യോട് കൽപ്പിച്ചതിലും പ്രബോധകൻമാർക്ക് ഗുണപാഠമുണ്ട്. വിനയവും ലാളിത്യവും മുഖ പ്രസന്നതയും സത്യസന്ധതയും വിശ്വസ്തയും പ്രബോധകൻമാരിൽ ഉണ്ടായിരിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ.